

# Free Wings

## C.H.S Chandanakampara



e - Magazine 2020

# Felicitation

**With great privilege and pleasure I congratulate you-The Little Kites for your great effort in making**
**Free Wings e-magazine a grand success.**

**Lovingly yours**
**Anto C.L**
**Headmaster**



# ആശംസ

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ അണിയിച്ചൊരുക്കിയ മാഗസിൻ ഏറെ മനോഹരമായിരിക്കുന്നു. പുതുതലമുറയിലെ അക്ഷരചിഹ്നങ്ങളായചെറുപുഷ്പത്തിന്റെപൊന്നോമനകൾക്കും അവരുടെ കരവിരുതിൽ വിരിഞ്ഞ മാഗസിനും അഭിനന്ദനങ്ങളും ആശംസകളും. മുത്തശ്ശി കഥകൾ കേട്ടുറങ്ങിയ പാടവരമ്പിലൂടെ പിച്ചവച്ച ആ ബാല്യത്തിൽ നിന്നും ഹൈടെക്ക് യുഗത്തിലേക്ക് പറന്നുയരുന്നവരാണ് ഇന്നത്തെ തലമുറ. കംപ്യൂട്ടർ കരവിരുതിൽ അവർ ഇതൾ വിടർത്തിയ ഈ ഡിജിറ്റൽ മാഗസിൻ ഇതിന് ഏറ്റവും ഉത്തമമായ തെളിവ് ആണ്. ഡിജിറ്റൽ യുഗത്തിൽ ഇനിയും ഇത്തരം സൃഷ്ടികൾക്ക് ജന്മം കൊടുക്കുവാൻ നിങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



ആശംസകളോടെ

**സിസ്റ്റർ**

**ദിവ്യാ മാത്യൂ**

**[സ്റ്റാഫ് പ്രതിനിധി]**

# Editorial Board



**Anto CL(H.M)**
**Chief Editor**



**Shebin John (SITC)**
**Staff Editor**



**Tinu Johns**
**Kite Master**



**Jincy Jose**
**Kite Mistress**



**Adarsh Bobin**
**Student Editor**



**Rasal Musthafa**
**Cover Design**

# Sub Editors



Gerard Augustine



Shanu mon KS



Merlin Mathew



Aswin Mathew



Akshay Siby



Anjana Philip



Albert Vargeese



Sania Anil

# ലറ്റിൽ കൈറ്റ്സ് യൂണിറ്റ് ചെറുപുഷ്പ ഹൈസ്കൂൾ

## ചന്ദനക്കാംപാറ 2019 - 2020



# ആമുഖം


അറിവിന്റെ ഹൈടെക്ക് ലോകത്തേക്ക് വിദ്ധ്യാർത്ഥികളെ കൈപിടിച്ച് നടത്തുവാൻ കേരളത്തിലെ ഹൈസ്കൂളുകളിൽ വിദ്യാഭ്യാസ പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ശ്രദ്ദേയമായ പ്രവർത്തനങ്ങളിൽ ഒന്നാണ് ' ലിറ്റിൽ കൈറ്റ്സ് '. ഈ പദ്ദതിയുടെ ഭാഗമായി 45,000 ക്ലാസ് റൂമുകൾ 4775 സ്കൂളുകളിലായി ഹൈടെക്കായി മാറി.

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്

# Contents


Computer Generation.....9
EDUCATION ( Story).....11
വിദ്യയെന്ന നിധി.....13
ആരാണ് ഞാൻ?.....14
പ്രണയം മനോഹരം.....15
Life.....16
പെറ്റമ്മ.....17
താപം.....18
പ്രപഞ്ച ഭംഗി.....19
LIFE IS A WONDERFUL JOURNEY.....20
The Nostalgic Rain.....21
മാധ്യമങ്ങളും പൊതുസമൂഹവും.....22
മൊബൈൽ ഫോണും ആരോഗ്യ പ്രശ്നങ്ങളും.....25
MORAL STORY.....27
ചിതറിപ്പോയ രണ്ടു ജീവിതങ്ങൾ.....28
Digital Painting.....30
Little Kite’s Program Pics.....32
നന്ദി.....37

# കമ്പ്യൂട്ടർ തലമുറകൾ



ആധുനിക ലോകത്ത് മനുഷ്യന് ഒഴിവാക്കാനാവാത്ത അവശ്യ വസ്തുവായി മാറിയിരിക്കുകയാണ് കമ്പ്യൂട്ടർ.ഓരോ കമ്പ്യൂട്ടർ തലമുറയും സാങ്കേതിക പുരോഗതിയുടെ ഫലമായുണ്ടായതാണ്. ഇത് കമ്പ്യൂട്ടറിന്റെ ഉപയോഗത്തിൽ വളരെയധികം മാറ്റങ്ങൾ വരുത്തി. കമ്പ്യൂട്ടറുകളെ താഴെപ്പറയും വിധത്തിൽ അഞ്ച് തലമുറകളായി തരംതിരിക്കാം.

## Computer Generation



ഈ തലമുറയിൽ Ultra Large Scale Integration (ULSI) സങ്കേതമാണ് ഉപയോഗിക്കുന്നത്. അത് നാലാം തലമുറയിലുപയോഗിച്ചിരുന്ന മൈക്രോപ്രൊസസ്സറുകളേക്കാൾ വേഗതയേറിയതും ശക്തിയേറിയതുമാണ്. കൊണ്ടുനടക്കാവുന്ന തരത്തിലുള്ള കമ്പ്യൂട്ടറുകൾ അവതരിപ്പിക്കപ്പെട്ടത് ഈ തലമുറയിലാണ്. കൃത്രിമ ബുദ്ധിയുള്ള (Artificial Intelligence) കമ്പ്യൂട്ടർ ഉപകരണങ്ങൾ കണ്ടെത്താനുള്ള ഗവേഷണങ്ങൾ ലോകത്തിന്റെ പല കോണുകളിലും നടന്നുകൊണ്ടിരിക്കുന്നു.ഈ തലമുറയിൽ സി,സി പ്ലസ് പ്ലസ്,ജാവ,തുടങ്ങിയ കമ്പ്യൂട്ടർ ഭാഷകളിൽ എഴുതിയ നിർദ്ദേശങ്ങൾ അനുസരിക്കുന്ന പഴയ തലമുറകളിൽ നിന്നു വ്യത്യസ്തമായി മനുഷ്യ ഭാഷതന്നെ ഉപയോഗിച്ചേക്കാം.



# EDUCATION ( Story)




**Once upon a time ,there was a beautiful village named Dharmagiri in a valley.**
**The people of village were illiterates and the outsiders used to cheat them.**

**One day the head of the village held a meeting and declared to appoint a teacher to study the children of the village to overcome the cheating in future. The villagers made a small house for teacher were she can study children. Children and adults were happy but some men used their children in fields who ignored the scheme.**

**From the next morning children across the village cheerily ran through the fields to teacher. On the way Ramu saw Tarun and his younger brother Varun working in the fields. He asked them "aren't both of you coming to study with our friends"?**

**"we like to come with you but our father kept us on work; he also said to not go school" said sadly.**

**"I will tell you about the class; don't worry, attend the class at free time" said Ramu and went away. Tarun quickly finished his work and went to small house where children studied. He peered through the window and saw his friends sitting on the floor and looking to a black colored board were teacher was writing with a**

**small white stick. Similarly he stood out everyday and learned how to read.**

**In Dharmagiri letters were brought and read by the postman.**


**One day the postman was busy and he gave letter to Tarun's mother. Tarun took the letter and started reading. His mother became astonished and he revealed that he he had been going for the class after finishing the field work. But his father didn't knew about Tarun's attending of class.**

**One day Tarun observed his father sitting with a stranger under a big tree. On seeing this he jumped onto the tree from back. They were discussing about a form were his father wanted to sign and agree the bill to give him extra money. His father was illiterate and the man was going to make him fool. Tarun gazed and read the paper and understood that the stranger was making fool of his father. He jumped down and revealed the truth to his father but they didn't believed him. At this time the teacher of the village came through the way. Tarun pleaded to the teacher to read the form and the taruns father got surprised by his son reading. The village head punished the man and appreciated tarun by saving his father. The teacher said to his father to send him to school and he realized lesson. From the next day on wards Tarun with his brother and friend Ramu went Into school.**

**Gerard Augustine**
**IX B**



# വിദ്യയെന്ന നിധി



കാലങ്ങളെത്ര കടന്നു പോയാലും
കാതലായ് മൂല്യങ്ങളുണ്ടെന്നതോർക്കണം.
ഇന്നിൻെറ ജീവിതം എത്രവളർന്നിടിലും
ഇന്നലെ പൂർവികർ തന്നതെന്നോർക്കണം.

വിദ്യാർത്ഥിനേടുന്ന വിദ്യകളെല്ലാമേ.....
വിശ്വത്തിലെന്നും വിപുലമായ്ത്തീർന്നിടും.
വിരാമകാലത്തു വിദ്യയായ് നേടിയു-
വിദ്വാനായ് മാറിടുമെന്നതുമോർക്കണം

മൂല്യബോധങ്ങളെ മുറുകെ പിടിക്കാനും
മുന്നോട്ട് മുന്നോട്ട്മുന്നേറീടുവാനും-
മാനവർക്കെന്നും  വഴികാട്ടിയായിടാൻ-
മാത്രമായ്ത്തിരുന്നതാമണം ജീവിതം.

\

മാതാ-പിതാഗുരു ഭക്തിയെന്നുള്ളത-
മൂല്യമുണ്ടീ..... പവിഴത്തെക്കാട്ടിലും.
സ്നേഹവും, ഭക്തിയുമെത്തിച്ച ചേരുബോഴില്ല-
മറ്റൊന്നുമതിൽപരം ഉലകത്തിൽ.

**ADARSH BOBIN  IX B**



# ആരാണ് ഞാൻ?

കടൽ തിരകളെ ഭേതിച്ച്,

അവയ്ക്കുള്ളിലേക്ക്

ആഴ്ന്നിറങ്ങാൻ,

കൊതിച്ച ഞാൻ !

കടലിനുള്ളിലെ വിസ്മയലോകം

കാണാൻ കൊതിച്ചഞാൻ.!

പക്ഷെ.....

ഈ ചില്ല കൂടാരത്തിനുള്ളിൽ

എനിക്കായ് തീർത്ത മതിലിനുള്ളിൽ

ലക്ഷ്യമില്ലാതെ,മരണം വരെ

എന്റെ സ്വപ്നങ്ങളും,

ഉയരങ്ങളിൽ എത്താൻ കൊതിച്ച-

എന്റെ ആഗ്രഹങ്ങളും കുഴിച്ച മൂടി

എന്റെ മുന്നിൽ എത്തിയവരെ

വിസ്മയിപ്പിച്ച്,

എനിക്കായ് തുറന്ന ലോകത്തിൽ -

നിന്ന് വേരറ്റ്,

ഈ സ്ഫടിക ഗോളത്തിൽ

ചുറ്റിത്തിരിയുന്ന ഞാൻ....

ആരാണ് ഞാൻ!

എന്താണ് ഞാൻ!

Anagha Das **IX C**

# പ്രണയം മനോഹരം



ഇനി നിനക്കായുറങ്ങാതിരിക്കാ
ഇനിയൊരുറക്കത്തിനായ് താരാട്ടുമൂളാം
നിയെന്റെയാത്മാവിലേല്പിച്ച മുറിവിന്റെ
നോവുകളെല്ലാം മറന്നുപാടാം.

നിൻ മുഖം
കാണുവാനാശിച്ച നിത്യവും
എന്മനം തുള്ളിത്തുടിച്ചീടവെ
ഉൾവിളിക്കേട്ടെന്റെ ഉയിർ പിടക്കവെ
ഇവിടെയുണ്ടെന്നരിയാടിയില്ലെ

ഓരോ മലറിലും  ഗന്ധമായ് നീ
ഓരോ തളിരിലും മർമ്മമായ് നീ
ഓരോ തുടിപ്പിലും ശ്വാസമായ് നീ
ഓരോ തിരയിലും താളമായി......

നിന്നിലണയുവാൻ നിന്നിലലിയുവാൻ
എന്നെ നീയെന്നിനി പ്രപ്തനാക്കും
ഒരു കൊച്ചുവാവക്കിടാവായ് മടിത്തട്ടിൽ

വീണ്ടമയങ്ങുവാനൊന്നു മോഹം
ഇനി നിനക്കായുറങ്ങാതിരിക്കാം
ഇനിയൊരുറക്കത്തിനായ്
താരാട്ടുമൂളാം..........

**ANJANA PHILIP**





# Life

Life is a dream
It's real and amazing
It's what teaches us
value and moral

Every effort in this dream
May not win
Hard work and sincerity
Makes a realistic life

It may be fill with tragedy
It may be fill with sorrow
It may be fill with happiness and hope
That makes life a real one

Life is like a candle
It starts to burn,
Melts and ends
Sometimes naughty and  crazy,
Sometimes happy and cheerful



Anit Manoj
IX B

# പെറ്റമ്മ



ഒരുനാൾ ഞാനും എൻ പ്രിയതമനും ഏറെ സന്തോഷിച്ച
അവൾ ചെറു ജീവന്റെ തുടിപ്പായ്
എന്റെ ഗർഭപാത്രത്തിൽ
ഉരുവായെന്നറിഞ്ഞപ്പോൾ
പിന്നുള്ള പത്തു മാസങ്ങൾ
കാത്തിരിപ്പിന്റെ  ദിനങ്ങളായിരുന്നു

അമ്മതൻ കരുതലും
അച്ഛന്റെ സ്നേഹത്തിൻ ലഹരിയും
ആ ദിനം ഓടിയെത്തി എന്റെ ഓമനക്കുഞ്ഞിനെ
ആദ്യമായി ഞാൻ കണ്ടൊരാദിനം
ആ ദിനം അന്നും ഇന്നും എനിക്ക് പുതു ദിനം

ആനന്ദത്തിന്റെ ലഹരി എന്നിൽ നിറഞ്ഞൊരാദിനം
പിന്നെ അമ്മിഞ്ഞപ്പാലൂട്ടി വളർത്തി
പിന്നെ താരാട്ടു പാടിയുറക്കി
മാമൂട്ടി ഞാൻ വളർത്തി
നോക്കി നിന്നു ഞാൻ കൈക്കാല്
വളരുന്നതാകാക്ഷയോടെ
വർഷങ്ങൾപലതും കഴിഞ്ഞു
എന്നെക്കാൾ മിടുക്കിയായ് അവൾ വളർന്നു

ദുഖം അറിയാതെ
ഇല്ലായ്മ അറിയാതെ
വഴക്കു പറയാതെ
അടിക്കാതെ ഞാൻ മുത്തായ്കാത്തു

എൻ മുഖം കരുത്തു കണ്ടപ്പോൾ തന്നെ
കാർമേഘങ്ങൾ പോലവൾ മാറി
താമസിച്ചില്ല , ആകാർമേഘം
മഹാമാരിപ്പോൽ പെയ്തിറങ്ങി
ആ പെയ്ത്തു നൽകിയ ആഘാതം
എന്നിൽ ഏൽപ്പിച്ച ദുഖം ആരറിയും

**അനിറ്റ് മനോജ്   IX B**

# താപം



ബാഷ്പകണങ്ങൾ ഒന്നോന്നായ്
അടർന്നു വീഴുകയായ്-
സൂര്യതാപത്തിൻ, കഠോരമാം
സ്പർശനത്താൽ.

ഉള്ളിലെ കനലാണോ,
കൂടുതൽ ശോഭയെന്നറിയുവാൻ
അഛ്ചന്റെ മുഖത്തെയാ-
പുഞ്ചിരിയൊന്നു കണ്ടാലറിയാം,
നാളെയുള്ള ഭീതിയെന്നതാണോ-
മനസിലെ, കനലിന്റെ
ശോഭയെന്ന്.

ചക്രവാളമൊന്നു കറങ്ങി-
ത്തിരിയുമ്പോൾ, അച്ഛന്റെ:
മനസ്സിലൊരായിരം കാര്യങ്ങൾ
ഓട്ടപ്രദക്ഷണം നടത്തി.
എങ്ങുമെത്താതെ,
ചുറ്റിത്തിരിയാതെ
ചലനമറ്റങ്ങനെ ഒറ്റനിൽ-
പ്പാണവിടെത്തന്നെ.

എന്നാകുലമാ ഭീതി-
എന്നണയുമീ കനലുകൾ,
ആരിലോ പ്രതീക്ഷയർപ്പിച്ചൊരാ-
നാളെയുടെ പതിവുകൾ-
വിങ്ങിത്തുടിക്കുകയായ്...
അണയാത്ത സൂര്യന്റെ
കിരണങ്ങൾ സ്വീകരിച്ച്,
അണയാത്ത മനസ്സുമായ്-

SANIA ANIL



# പ്രപഞ്ച ഭംഗി



എന്തെന്തു സുന്ദരമീ പ്രപഞ്ചം
എത്ര മനോഹരമീ പ്രകൃതി
തുമഞ്ഞുപ്പെയ്യുമീ പുലർക്കാല വേളയിൽ
ഉദയ സൂര്യനെ കാണവാനെന്തു ഭംഗി

ഇളം കാറ്റിലാടിയുലഞ്ഞീടുന്ന
സുഗന്ധവാഹിനികളും ചെറുപുഷ്പങ്ങളും
തേന്തൂറും കായ്കൾ നൽകീയിടും നല്ല
വൃക്ഷലലാദികളും എന്തു ഭംഗി

പക്ഷി മൃഗാദികൾ മേയും പച്ച പുൽമേടുകളും
കാട്ടു മൃഗങ്ങൾ സ്വൈര്യമായ് വിഹരിക്കും
വൻ വൃക്ഷ നിബിഡമാം കാടാറുകളും
കളകളം പാടി പതഞ്ഞൊഴുകുന്ന കാനനചോലയിതെന്തു ഭംഗി

വ്യത്യസ്ഥ ഭാഷകൾ വേഷഭ്രഷാധികൾ ശീലിച്ച
മാനവർ എല്ലാം വിരൽതുമ്പിലാക്കി വാണിടുന്നു
കടലമ്മക്കുള്ളിലൊളിഞ്ഞിരിക്കും കടലിലെ
ജീവികളെത്രയെന്നാനാരുകണ്ടു
കണ്ണെത്താദൂരത്തായി അലതല്ലിയുയരുന്ന
തിരമാല കാണവാൻ എന്തു ഭംഗി

നിലാവുള്ള രാത്രയിൽ അകലായാണാകാശത്ത്
നിരനിരയായി വിരിയുന്ന താരങ്ങളെന്തു ഭംഗി
മഞ്ഞും മഴയും വെയിലുമായി
പ്രകൃതിയെ സംരക്ഷിച്ചീടും വ്യത്യസ്ഥമാകും കാലാവസ്ഥയും
ചിന്തിച്ചുനോക്കിയാൽ അത്ഭുതം തന്നെ
എന്തെന്തു സുന്ദരമീ പ്രപഞ്ചം



**സ്റ്റനിയ പി.എസ് IX B**

# LIFE IS A WONDERFUL JOURNEY



Our life is just like a bubble which bursts out within a small interval of time. Since we get only a little time to enjoy the pleasure of this world, we must enjoy every moment in our life because it is impossible to predict whether we will be alive in the next moment. We may have many relations in our life like friends, lovers, parents etc. Every relations are precious. Love and friendship is beautiful because it is a feeling controlled by our heart. But 'friendship' is more beautiful. Because, it is a feeling that controls our heart. Life is a journey filled with difference experiences. We must adjust with every sweet and as well as bitter experiences in our life.

**Anjana Philip**

***IX B***

# The Nostalgic Rain

*Rain is the gift of nature*
*Rain is the sound of nature*
*Rain has no colour no taste and smell*

*But it is an essential element for nature*
*Rain the daughter of dawn*
*Rain elevated from earth*

*Rain embellish the garden*
*Rain is the messenger of heaven*
*Rain is the network of mercy*



*Rain is the*
*path of truth*
*We all love the*
*rain*

**-STINIYA**
**P.S**
**IX B**

# മാധ്യമങ്ങളും പൊതുസമൂഹവും





മാധ്യമവാഴ്ചയുടെ കാലമാണിത്ത് ഇന്നത്തെ ആധുനിക സമൂഹം നവമാധ്യമങ്ങളുടെ പിന്നാലെ പായുകയാണ് പൊതുസമൂഹത്തിന്റെ നിയന്ത്രണം മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുകയാണ് മനുഷ്യരുടെ മാധ്യമങ്ങളുടെ ഉപയോഗം പൊതുസമൂഹം രൂപപ്പെടുത്തുകയാണ് .

മാധ്യമങ്ങളുടെ വിശ്വസ്തത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ശരിയായസന്ദേശത്തിനുപകരം തെറ്റായ സന്ദേശങ്ങൾ പ്രചരിപ്രിക്കുന്നമാധ്യമങ്ങളുടെ വിശ്വാസിയതയെ ചോദ്യം ചെയുകയാണ് ചെയുന്നത്. മാധ്യമങ്ങൾപ്രചരിക്കുന്ന വാർത്തകൾ ഉപകാരമാകേണ്ടതിനുപകരം ഉപദ്രവമാറി കൊണ്ടിരിക്കുകയാണ്

മാധ്യമങ്ങൾ പൊതുസമൂഹത്തെ വാർത്തെടുക്കുകയാണ് . പൊതുസമൂഹത്തിന്റെ നട്ടെല്ലാണ് മാധ്യമങ്ങൾ. മാധ്യമങ്ങളുടെ ഇത്തരം പ്രവർത്തനങ്ങൾ അതിന്റെ വിശ്വസ്തത ചോദ്യം ചെയ്യുകയാണ്. ഇന്നത്തെ കാലഘട്ടത്തിൽ ജനങ്ങളുടെ പക്ഷത്ത് ഉറച്ചുനിൽക്കുകയും അവരുടെ കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്ന മാധ്യമങ്ങളാണ് ആധുനിക സമൂഹത്തിനാവശ്യം.

മാധ്യമങ്ങൾ വസ്തുതമനസിലാക്കി നിരപരാധിയുടെ ഒപ്പം നിൽക്കേണ്ടതുണ്ട് . മാധ്യമങ്ങൾ എന്നും ജനങ്ങളുടെ ശബ്ദമാവുകയാണ് വേണ്ടത്. അവർക്കു വേണ്ടിശബ്ദമുയർത്തേണ്ടത് മാധ്യമ കടമയാണ്.

മാധ്യമങ്ങൾ സമൂഹത്തിന്റെ ആവശ്യം ഭരണാധികാരികളുടെ മുന്നിൽ എത്തിക്കുകയാണ് ചെയ്യുന്നത് . ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി മാധ്യമങ്ങൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മാധ്യമം പൊതു സമൂഹത്തിന് നൽകുന്ന ഉപകാരങ്ങൾ വളരെയേറെയുണ്ട് ലോകത്തിന്റെ ഏത് കോണിലുള്ള വാർത്തയായാലും നിമിഷനേരം കൊണ്ട് മാധ്യമങ്ങൾ അത് നമ്മുക്ക് വിരൽത്തുമ്പിൽ എത്തിച്ചു നൽകുകയാണ്.

മാധ്യമങ്ങളിലെ വിവിധ സഹായസന്നദ്ധതാ ഗ്രൂപ്പുകൾ പൊതുസമൂഹത്തിന് ഉപകാരപ്പെടുകയാണ്. രക്തദാനത്തിനായാലും ധനസഹായത്തിനായാലും ഇന്ന ഗ്രൂപ്പുകൾ എന്നും മുൻപന്തിയിൽ തന്നെയുള്ളതായി കാണുമാനായി സാധിക്കും. പ്രളയഭീതിയിലാണ്ടകേരളജനതയ്ക്ക് വിവരങ്ങൾ കൈമാറാൻ മാധ്യമങ്ങൾ വഹിച്ച പങ്ക് വലുതാണ്. ജനത്തെ ഒരുമിച്ചു നിർത്താനും ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്ന ജനങ്ങൾ ഭക്ഷണവും മറ്റും എത്തിക്കാനും മാധ്യമങ്ങൾ വളരെയേറെ ശ്രദ്ധിച്ചിരുന്നു.

പൊതുസമൂഹത്തിന് മാധ്യമമില്ലാത്ത ഒരു ജീവിതത്തെ കുറിച്ച് ചിന്തിക്കാൻ പോലും കഴിയാത്ത ഒരു കാലഘട്ടമാണിത് . മാധ്യമങ്ങൾ ദുരിപയോഗിക്കുക ചിന്താഗതി ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് പൊതുസമൂഹത്തിൽ ഒരാളെ തെറ്റായി ചിത്രീകരിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നതായി കാണുവാൻ സാധിക്കും.

ഇന്ന് മാധ്യമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് അതോടൊപ്പം കുറ്റകൃത്ത്യങ്ങളും മാധ്യമങ്ങളെ തെറ്റായി ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്നതായി കാണുവാനായി സാധിക്കും . ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങൾ ശരിയായ വാർത്തകൾ നൽകേണ്ടിയിരിക്കുന്നു . മാധ്യമങ്ങുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെട്ടുത്തേണ്ടിവരുന്നത് ഇത്തരം കാര്യങ്ങൾ മുന്നിൽ കണ്ടിട്ടാണെന്ന് പറയുവാനായിസാധിക്കും . മാധ്യമങ്ങൾ ശരിയായ പ്രചരണം നടത്തി പൊതുസമൂഹത്തിന് ഉപകാരമായി പ്രവർത്തിക്കേണ്ടത് ആധുനിക സമൂഹത്തിന്റെ ആവശ്യകതയാണ്.

ജനഹിതം മനസ്സിലാക്കി പ്രവർത്തിക്കുന്നതാണ് യഥാർത്ഥമാധ്യമം . മാധ്യമം ജനത്തിന്റെ കൂടെനിന്ന് അവർക്ക് ഉപകാരപെടുന്നരീതിയിൽ വർത്തിക്കേണ്ടത് ആധുനിക കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

# മൊബൈൽ ഫോണും ആരോഗ്യ പ്രശ്നങ്ങളും

കൊച്ചുകുട്ടികൾ മുതൽ പ്രായമായവർ വരെ ഇന്ന് ഇഷ്ടപ്പെടുന്ന ഒരു ഉപകരണമാണ് മൊബൈൽ ഫോൺ. എന്ത് കാര്യങ്ങളും അപ്പപ്പോൾ തന്നെ നിൽകുന്ന സ്ഥലത്ത്കിട്ടും എന്നകാര്യത്തിൽ ഇവനെ വെല്ലാൻ ആരുമില്ല. എങ്കിലും ഇവയുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്.

മൊബൈൽ ഫോൺ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഇന്ത്യയിൽ വലിയ പഠനങ്ങളൊന്നും നടന്നിട്ടില്ല. എന്നാൽ സ്പെയിൻ,



അമേരിക്ക, കാനഡ എന്നീ രാജ്യങ്ങൾ മുന്നറയിപ്പു തരുന്നു ;മൊബൈൽ ഫോൺ നമ്മുടെ ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു; ഈ ജീവിതമവസാനിക്കാനും മൊബൈൽ മാത്രം മതി!

മൊബൈൽ ഫോൺ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് നാം ബോധവാൻമാരായിരിക്കണം അതോടൊപ്പം അവയ്ക്കുള്ള പരിഹാരങ്ങളെക്കുറിച്ചും നാം അറിയണം. സംസാരിക്കുമ്പോൾ മൊബൈൽ ഫോൺ ശരീരത്തു നിന്നും അകറ്റിപ്പിടിച്ചാൽ റേഡിയേഷന്റെ അളവ് കുറയ്ക്കുവാൻ സാധിക്കും സ്പ്പീക്കർ മോഡിൽ ഇടുന്നതായിരിക്കും ഏറ്റവും ഉചിതം. വയറുള്ള ഹെഡ് ഫോണുകൾ ഉപയോഗിക്കുന്നത് അപകട സാധ്യത മൂന്നിരട്ടി വർദ്ദിപ്പിക്കുമെന്ന് ഡോ ജോർജ് കാർലോ പറയുന്നു. ബ്ലൂത്തൂത്ത് ഹെഡ് സെറ്റുകൾ ഉപയോഗിക്കുന്നത് അപകട സാധ്യത പരമാവതി ഒഴിവാക്കാം.

ഇതിലൂടെ റേഡിയേഷൻ കുറയ്ക്കാൻ സാധിക്കും. മൊബൈൽ ഫോണുകൾ പ്രസരിപ്പിക്കുന്ന റേഡിയേഷന്റെ നൂറിൽ ഒന്നു മാത്രമേ ഇവ പ്രസരിപ്പിക്കുകയുള്ളൂ.

ഉറങ്ങുവാൻ കിടക്കുന്ന ബെഡ്ഡിൽ നിന്നും രണ്ട് മീറ്റർ അകലെ മാത്രമേ ഫോൺ വെയ്ക്കാവൂ. മൊബൈൽ ഫോണുകൾ പ്രസരിപ്പിക്കുന്ന വൈദ്യുത കാന്തിക റേഡിയേഷൻ ഏറ്റവും അതികം ബാധിക്കുന്നത് ഗർഭിണികളെയും കുട്ടികളെയുമാണ്. മൊബൈൽ റേഡിയേഷൻ ഗർഭസ്ഥ ശിശുവിന് ഹാനികരമാണ്. ഗർഭണികൾ കഴിയുന്നിടത്തോളം മൊബൈൽ ഫോൺ ഉപയോഗക്കരുതെന്ന് വിദഗ്ധർ പറയുന്നതിന്റെ കാരണം ഇതാണ്. കുട്ടികളുടെ മസ്തിഷ്കത്തെ റേഡിയേഷൻ പെട്ടന്ന് ബാധിക്കുന്നതിനാൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾ മൊബൈൽ ഫോൺ ഒഴിവാക്കണം. ഉപയോഗിക്കിക്കുമ്പാൾ മാത്രമല്ല, വെറുതെ ഇരിക്കുമ്പാഴും ഇത് റേഡിയേഷൻ പ്രസരിപ്പിക്കുന്നുണ്ട്. മൊബൈൽ ഫോൺ പോക്കറ്റിൽ സൂക്ഷിക്കുന്നവർ അതിന്റെ സ്ക്രീൻ ഭാഗം ശരീരത്തോടു ചേർത്ത് വരുന്ന വിധം വയ്ക്കുക.

റേഞ്ച് കുറവുള്ള സമയത്ത് മൊബൈൽ ഫോൺ ഉപയോഗിക്കരുത്. യാത്ര വേളയിലും മൊബൈൽ ഫോൺ ഉപയോഗിക്കരുത്. റേഡിയേഷൻ പതിന്മടങ്ങ് വർധിക്കുന്ന അവസരങ്ങളാണിത്. മൊബൈൽ ഫോൺ ഉപയാഗം പരമാവതി കുറച്ച് നമ്മുടെ ആരോഗ്യം നമ്മുക്ക് സംരക്ഷിക്കാം...

Sancta Mariya IX C





## MORAL STORY

*IN A SHOP, IT HAS A PEN LAYING IN A TIN. THE BODY OF PEN SAID TO THE REFILL ARE PROTECTED BY MEN WHEN I GOES OR AM DESTRUCTED YOU WILL BE ONLY A WASTE" THE REFILL REPLIED 'PEOPLE BOUGHT ME FOR ME, WHEN I COMPLETED YOU ALSO THROWN.*

*ONE DAY A MAN BUY THE PEN AND BRING IT TO HIS HOME. WHEN THE REFILL IS COMPLETED HE THROWN THAT PEN. IT BECAME TWO PARTS, THE REFILL SAID 'BROTHER WHEN WE STAND TOGETHER WE HAVE WANTED BY PEOPLE. BUT WHEN WE SEPARATED WE HAVE USELESS".*

*YES LIVE WITH SOCIETY, WE CAN CHANGE THIS WORLD. WHEN WE STAY ALONE WE ARE A WASTE.*

**"STAY WITH SOCIETY
CHANGE THE WORLD"**



**SHANU MON**
**IX B**

# ചിതറിപ്പോയ രണ്ടു ജീവിതങ്ങൾ

മഞ്ഞുതൂകുന്ന വാനമേഘങ്ങൾക്കിടയിലൂടെ വഴിതെറ്റിവരുന്ന നിലാവിന്റെ സൗന്ദര്യത്തെ ഒപ്പിയെടുക്കാൻ തുടങ്ങുകയായിരുന്നു അയാൾ. ജീവിതത്തിന്റെ കഷ്ട്ടപ്പാടുകൾ നിറഞ്ഞ ഇടവഴികളിലൂടെയുള്ള യാത്രയ്ക്കിടയിൽ അയാൾക്ക് ആശ്വാസം ലഭിച്ചിരുന്നത് ആ പത്തുമിനിറ്റ് സമയം മാത്രമായിരുന്നു."ഏട്ടാ, ഒന്നുവേഗം ഇങ്ങോട്ട് വന്നേ".പ്രായമായ അമ്മയുടെ അവശതകൾ വർദ്ധിച്ചു വരികയാണ്. അതറിയിക്കാനാണ് രമയുടെ ഈ വിളി. തെല്ലുമാറ്റമില്ല, അമ്മയ്ക്ക് അസുഖം വളരെ കൂടുതലാണ്. നാണിയമ്മയ്ക്ക് സമ്പാദ്യം സ്വന്തമായി ദാമുവേട്ടനും നാലും ആണ്മക്കളുമാണ്. പക്ഷെ, ആർക്കും അവരെ ആവശ്യമില്ല.



പതിവുപോലെ അയാൾക്കു ദേഷ്യമാണുണ്ടായത്. “ഞാൻ മടുത്തു, നീ എന്തെങ്കിലും ചെയ്യ്?”കുറച്ചു പണത്തിന്റെ കെട്ടുകൾ രമയ്ക്കു നേരെ നീട്ടിയശേഷം രമേഷ് റൂമിൽ കയറി വാതിൽ വലിച്ചടച്ചു. രമക്കും വലിയ താൽപര്യമൊന്നുമുണ്ടായിട്ടല്ല, കുറച്ചു സ്വത്ത്കിടക്കുന്നത് അവരുടെ പേരിലായതു മാത്രമാണ് കാരണം .അങ്ങനെയിരിക്കെ ഓണാഘോഷം വന്നു.എല്ലാവരും ഓണക്കോടിയണിഞ്ഞു, പൂക്കളമിട്ടു, ഓണം ഗംഭീരമായി. പക്ഷെ, ചായങ്ങൾ പാടുവീഴ്ത്തിയ ആരണ്ടു ജന്മങ്ങളെ കൊച്ചുമക്കളുടെ ശ്രദ്ധയിൽ പോലും പതിഞ്ഞിരുന്നില്ല. ഓണം ഇടവഴികളിലൂടെ കടന്നുപോയി. പഴയതിലും ദാരുണമായി അവരുടെയവസ്ഥ. രമേഷിന് ബാദ്ധ്യതയെന്ന അവസ്ഥവന്നു. അങ്ങനെ, സഹോദരങ്ങളെയെല്ലാം വിളിച്ചുകൂട്ടി, യോഗം നടത്തി. തീരുമാനം അതിവേഗമുണ്ടായി. അപ്പച്ചന്റെ പാരമ്പര്യമായി

കൈമാറിവരുന്ന സ്വത്താണത്. അതിനാൽ,അപ്പച്ചനെ നോക്കാൻ തയ്യാറാണ്. ബാക്കി അമ്മ അടുത്തദിവസം അറിയിപ്പ്:"ഇങ്ങനെകിടന്നിട്ട് മനുഷ്യന് ബുദ്ധിമുട്ടുണ്ടാക്കിയിട്ട് കാര്യമില്ല തള്ളേ... വേഗംസാധനമെടുത്തുതയ്യാറായിക്കോ. ഇനി ഇവിടെ പറ്റില്ല." നാണിയമ്മയ്ക്കും ദാമുച്ചേട്ടനും പരസ്പരം വേർപിരിയാൻ ആവുമായിരുന്നില്ല. പക്ഷേ...നാളുകളനവധികടന്നുപോയി. നാണിയമ്മ എവിടെയാണെന്നുപോലും ദാമുവേട്ടനറിയില്ല. അന്വേഷണം പരാജയപ്പെട്ടു. വീട്ടിൽ തെല്ലുനക്കമില്ലായിരുന്നു. ഇരുവരും പുറത്തുചാടാൻ വെമ്പുന്ന വികാരങ്ങളെ ഉള്ളിലൊതുക്കി. അങ്ങനെ, ആ അച്ഛന്റെ നിർബന്ധത്തിനുവഴങ്ങി അടുത്തഓണത്തിനു അമ്മയെ കാണാൻ കൊണ്ടുപോകാമെന്ന് മക്കൾ സമ്മതിച്ചു. ആ കാലയളവിനുള്ളിൽ സ്വത്തെല്ലാം ഭാഗിച്ചു കഴിഞ്ഞിരുന്നു. അപ്പച്ചനും ബാധ്യതയായിമാറാൻ തുടങ്ങിയിരുന്നു.

അങ്ങനെയിരിക്കെ അടുത്ത ദു:ഖം സമ്മാനിക്കാനായി ഓണം കടന്നുവന്നു. ഏറെനാളുകളായി അസുഖം കൂടുതലായി ഭവാനിയമ്മനേരത്തെയാത്രയായിരുന്നു. ഈ വിവരം രഹസ്യമായി ദാമുവേട്ടനറിയാനിടവന്നു. ഓണത്തിന്റെ അന്നുരാവിലെ, അവർ ആ വൃദ്ധമന്ദിരത്തിന്റെ വാതിൽക്കൽ ചെന്നു;കാര്യങ്ങളെല്ലാം തിരിച്ചറിഞ്ഞും. അമ്മയുടെ മുറിയിൽ അവരുടെ പഴയ തുണിയെല്ലാം വെച്ചിരിന്ന അലമാര തുറന്ന് ദാവുവേട്ടൻ അതിൽ ഒരോണക്കോടിയും കത്തും മാറ്റിവച്ചു. കത്തിന്റെ അടിക്കുറിപ്പ് ഇങ്ങനെയായിരുന്നു:

"നീയില്ലാതെയെന്റെ ഓണം....
ഞാനില്ലാതെ നിന്റെ യാത്ര....."

ആ മക്കളുടെ ഉള്ളിലെ ഓർമ്മയുടെ ഭാണ്ഡക്കെട്ടൊന്നഴിയാൻ അവർക്ക് ആ അമ്മയുടെ വേർപാടുവേണ്ടിവന്നു.

SANIA ANIL
IX B

# Digital Painting



**Albert Varghese**
**IX B**



# Digital Painting



**Aswin Mathew**
**IX B**



# Little Kite's Program Pics








































# നന്ദി

ചെറുപുഷ്പ ഹൈസ്കൂൾ ചന്ദനക്കാംപാറ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ചെറിയൊരു സംരംഭമായ മാഗസിൻ ' Free Wings ' യാഥാർത്ഥ്യമാക്കാൻ ഞങ്ങളെ സഹായിച്ച ഹെഡ് മാസ്റ്റർ സി.എൽ ആന്റോ സർ , SITC കോർഡിനേറ്റർ ഷെബിൻ ടീച്ചർ , കൈറ്റ് കോർഡിനേറ്റേർസ് ആയ ടിനു സർ & ജിൻസി ടീച്ചർ, കാലാസൃഷ്ടികൾ തന്നു സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, ഞങ്ങളെ പ്രോൽസാഹിപ്പിച്ച മറ്റ് അദ്ധ്യാപകർ , ഓഫീസ് സ്റ്റാഫ്,ഏവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

